സി.പി ഹബീബ് റഹ്മാൻ

# ന്യൂനപക്ഷ സ്കോളർഷിപ്പ്

# സർക്കാർ ചെയ്യേണ്ടതും സമുദായം തിരുത്തേണ്ടതും

**മുസ്‌ലിം** സമൂഹത്തിന്റെ പിന്നാക്കാവസ്ഥ വെളിപ്പെടുത്തുന്ന ആധികാരിക രേഖയായ സച്ചാർ കമ്മിറ്റി റിപ്പോർട്ട് സാമ്പത്തിക സാമൂഹിക മേഖലകളിലും ഭരണ സംവിധാനത്തിലും സമുദായത്തിന്റെ അവസ്ഥ ദലിതരേക്കാൾ പിന്നാക്കമാണെന്ന് കൃത്യമായി വെളിപ്പെടുത്തുന്നുണ്ട്. അമ്പത് വർഷത്തെ കോൺഗ്രസ് ഭരണത്തിന്റെയും ആറു വർഷത്തെ എൻ.ഡി.എ ഭരണത്തിന്റെയും ബാക്കിപത്രമാണ് സച്ചാർ കമ്മിറ്റി റിപ്പോർട്ട്. റിപ്പോർട്ടിന്റെ



> ഇടതുപക്ഷം ഭരിക്കുന്ന കേരളത്തിൽ പദ്ധതിയോടുള്ള സമീപനം ആശാവഹമല്ല. മലബാറിനോടുള്ള വിദ്യാഭ്യാസ അവഗണന രൂക്ഷമായി തുടരുന്ന സർക്കാർ, 80 ശതമാനത്തിലധികം കേന്ദ്ര സർക്കാർ ഫണ്ട് വഹിക്കുന്ന നിരവധി ന്യൂനപക്ഷ വിദ്യാഭ്യാസ പദ്ധതികൾ വിവാദങ്ങളിൽ പെടുത്തിയും അനാവശ്യ നിയമങ്ങളുണ്ടാക്കിയും കൃത്യമായ വിവരങ്ങൾ പൂഴ്ത്തിവെച്ചും അട്ടിമറിച്ചുകൊണ്ടിരിക്കുകയാണ്.

പൊരുൾ ഉൾക്കൊണ്ട് കോൺഗ്രസ്സ് തെറ്റ് തിരുത്താൻ തയാറായതിന്റെ സൂചനയായിരുന്നു ന്യൂനപക്ഷ പുരോഗതിക്ക് വേണ്ടിയുള്ള പ്രധാനമന്ത്രിയുടെ പതിനഞ്ചിന പരിപാടി. ന്യൂനപക്ഷങ്ങളുടെ സാമ്പത്തിക വിദ്യാഭ്യാസ പുരോഗതിക്ക് സഹായകരമാവുന്ന പദ്ധതിയുടെ ലക്ഷ്യങ്ങൾ താഴെ പറയുന്നതാണ്.

1. ന്യൂനപക്ഷങ്ങളുടെ വിദ്യാഭ്യാസ പുരോഗതിക്കും ഗുണനിലവാരത്തിനും കൂടുതൽ അവസരങ്ങൾ സൃഷ്ടിക്കുക.

2. കേന്ദ്ര - സംസ്ഥാന സർക്കാർ ജോലികൾ, പുതിയ തൊഴിൽ പദ്ധതികൾ, സ്വയം തൊഴിൽ കണ്ടെത്തുന്നതിനു വായ്പ ലഭ്യത തുടങ്ങിയ മാർഗങ്ങളിലൂടെ സാമ്പത്തിക കാര്യങ്ങളിലും തൊഴിൽ ലഭ്യതയിലും ന്യൂനപക്ഷങ്ങൾക്ക് തുല്യമായ അനുപാതം ഉറപ്പുവരുത്തുക.

3. അടിസ്ഥാന സൗകര്യ വികസനത്തിലൂടെ ന്യൂനപക്ഷങ്ങളുടെ ജീവിത നിലവാരം ഉയർത്തുക.

4. സാമുദായിക കലാപങ്ങളും മതവിദ്വേഷവും തടയുകയും നിയന്ത്രിക്കുകയും ചെയ്യുക.

പദ്ധതി രൂപപ്പെടുത്തിയത് കേന്ദ്ര സർക്കാറാണെങ്കിലും നടപ്പിലാക്കുന്നത് സംസ്ഥാനങ്ങൾ മുഖേനയാണ്. അതിനാൽ തന്നെ സംസ്ഥാനങ്ങളുടെ താൽപര്യവും നിലപാടും പദ്ധതി നടപ്പിലാക്കുന്നതിൽ നിർണായകമാണ്. ബി.ജെ.പി ഭരിക്കുന്ന പല സംസ്ഥാനങ്ങളും പദ്ധതി നടപ്പിലാക്കാതെ വൈകിപ്പിക്കുകയാണ്. ഗുജറാത്ത് സർക്കാർ പദ്ധതി നടപ്പിലാക്കി

ല്ലെന്ന് തുറന്ന് പ്രഖ്യാപിച്ച് കേന്ദ്രത്തിന് കത്തെഴുതിക്കഴിഞ്ഞു.

രാജ്യത്തെ ന്യൂനപക്ഷങ്ങളുടെ സർവതോമുഖ വളർച്ച ലക്ഷ്യം വെക്കുന്ന ഈ പരിപാടി ന്യൂനപക്ഷങ്ങളുടെ പ്രാഥമിക തലം മുതൽ ഉന്നത തലം വരെയുള്ള വിദ്യാഭ്യാസ ഉന്നമനത്തിന് വിവിധ പദ്ധതികളാണ് പ്രഖ്യാപിച്ചിരിക്കുന്നത്. അംഗനവാടികൾ മുഖേന കുഞ്ഞുങ്ങളുടെ പോഷകാഹാരം, രോഗ പ്രതിരോധം, പ്രീപ്രൈമറി വിദ്യാഭ്യാസം, അനൗപചാരിക വിദ്യാഭ്യാസം എന്നിവ ഉറപ്പുവരുത്തുന്ന പദ്ധതി മുതൽ ന്യൂനപക്ഷങ്ങൾ കൂടുതലുള്ള സ്കൂളുകളില്ലാത്ത പ്രദേശങ്ങളിൽ പ്രത്യേക സ്കൂളുകൾ, യു.പി തലം വരെ ക്ലാസ്സുകളിൽ ഉർദു അധ്യാപകരെ നിയമിക്കൽ, മദ്റസാ നവീകരണ പദ്ധതി, പ്രീമെട്രിക് സ്കോളർഷിപ്പ്, പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ്, മെരിറ്റ് കം മീൻസ് സ്കോളർഷിപ്പ്, ന്യൂനപക്ഷ കേന്ദ്രങ്ങളിലെ വിദ്യാലയങ്ങളുടെ അടിസ്ഥാന സൗകര്യ വികസനം, തൊഴിൽ ശേഷി വർധിപ്പിക്കുന്നതിനു ഐ.ടി.ഐകൾ, പ്രഫഷണൽ കോഴ്സ് പ്രവേശന പരീക്ഷകൾക്കുള്ള പരിശീലന കേന്ദ്രങ്ങൾ, അലീഗഢ് വാഴ്സിറ്റി അഡ്വാൻസ്ഡ് സ്റ്റഡി സെന്റർ വരെ ഈ പദ്ധതിയിൽ ഉൾപ്പെടുന്നു.

ഇടതുപക്ഷം ഭരിക്കുന്ന കേരളത്തിൽ പദ്ധതിയോടുള്ള സമീപനം ആശാവഹമല്ല. മലബാറിനോടുള്ള വിദ്യാഭ്യാസ അവഗണന രൂക്ഷമായി തുടരുന്ന സർക്കാർ, 80 ശതമാനത്തിലധികം കേന്ദ്ര സർക്കാർ ഫണ്ട് വഹിക്കുന്ന നിരവധി ന്യൂനപക്ഷ വിദ്യാഭ്യാസ പദ്ധതികൾ വിവാദങ്ങളിൽ പെടുത്തിയും അനാവശ്യ നിയമങ്ങളുണ്ടാക്കിയും കൃത്യമായ വിവരങ്ങൾ പൂഴ്ത്തിവെച്ചും അട്ടിമറിച്ചുകൊണ്ടിരിക്കുകയാണ്. കേരളത്തിന്റെ, പ്രത്യേകിച്ച് മലബാറിന്റെ ഉന്നത വിദ്യാഭ്യാസ സ്വപ്നങ്ങൾക്ക് പുതിയ പ്രതീക്ഷ നൽകുന്ന അലീഗഢ് വാഴ്സിറ്റി അഡ്വാൻസ്ഡ് സ്റ്റഡീസ് ആന്റ് റിസെർച്ച് സെന്ററിന് സർക്കാർ സ്ഥലം അനുവദിക്കാതെ നെറികെട്ട രാഷ്ട്രീയം കളിക്കുകയാണ്. വിദ്യാഭ്യാസ വകുപ്പിന്റേതല്ലാത്ത സ്ഥലമായതിനാലാണ് പാണക്കാട്ടെ സർക്കാർ ഭൂമി കാമ്പസിനനുവദിക്കാത്തതെന്ന് പറയുന്ന സർക്കാർ തന്നെയാണ് തിരുവനന്തപുരം ആര്യനാടുള്ള അനിമൽ ഹസ്ബന്ററി വകുപ്പിനു കീഴിലുള്ള 200 ഏക്കർ സ്ഥലം മറ്റൊരു കേന്ദ്ര സ്ഥാപനമായ 'ഐസറി' നു നൽകിയത്. കാസർകോഡ് സ്ഥാപിതമായ കേന്ദ്ര സർവകലാശാലക്കും സർക്കാർ ഭൂമിതന്നെയാണ് അനുവദിച്ചത്. ന്യൂനപക്ഷങ്ങളുടെ തൊഴിൽ പരിശീലനത്തിന് നൂറുശതമാനം കേന്ദ്ര ചെലവിൽ കേരളത്തിനനുവദിച്ച പത്ത് ഐ.ടി.ഐകൾക്ക് 2 വർഷമായിട്ടും സ്ഥലമനുവദിക്കാൻപോലും സർക്കാർ തയാറായിട്ടില്ല.

പതിനഞ്ചിന പരിപാടികളുടെ ഭാഗമായുള്ള വിദ്യാഭ്യാസ സ്കോളർഷിപ്പ് പദ്ധതി കേരളത്തിന് വൻ പ്രതീക്ഷയാണ് നൽകിയത്. ഒന്നു മുതൽ 10 വരെ ക്ലാസുകളിൽ പഠിക്കുന്ന, മുൻ വർഷങ്ങളിൽ 50 ശതമാനം മാർക്ക് നേടിയ വിദ്യാർഥികൾക്ക് പ്രീമെട്രിക് സ്കോളർഷിപ്പ്, പ്ലസ് വൺ മുതൽ പി.എച്ച്.ഡി വരെയുള്ള പ്രഫഷണൽ കോഴ്സ് ഒഴികെയുള്ള വിദ്യാർഥികൾക്ക് പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ്, പ്രഫഷണൽ വിദ്യാർഥികൾക്ക് മെരിറ്റ് കം മീൻസ് സ്കോളർഷിപ്പ് തുടങ്ങിയ പദ്ധതികളാണ് പ്രഖ്യാപിച്ചത്. 2008-09 വർഷത്തിൽ കേരളത്തിനു 46347 പ്രീമെട്രിക് സ്കോളർഷിപ്പുകളും, 12845 പോസ്റ്റ് മെട്രിക് സ്കോർഷിപ്പുകളും, 1469 മെരിറ്റ് കം മീൻസ് സ്കോളർഷിപ്പുമാണ് അനുവദിച്ചത്. പ്രീമെട്രിക് സ്കോളർഷിപ്പിന് പരമാവധി 7000 രൂപയും പോസ്റ്റ് മെട്രിക് സ്കോളർഷിപ്പിന് ഹയർ സെക്കന്ററിക്ക് അഡ്മിഷൻ ആന്റ് ട്യൂഷൻ ഫീ ഇനത്തിൽ പരമാവധി 7000രൂപയും നിത്യചെലവിന് ഹോസ്റ്റൽ വിദ്യാർഥിക്ക് 235 രൂപയും മറ്റുള്ളവർക്ക് 190 രൂപയും ലഭിക്കും. ടെക്നിക്കൽ ഹയർ സെക്കന്ററി വിദ്യാർഥിക്ക് പരമാവധി 10000 രൂപ അഡ്മിഷൻ ആന്റ് ട്യൂഷൻ ഫീ ഇനത്തിൽ ലഭിക്കും (നിത്യചെലവിനുള്ളത് ഹയർ സെക്കന്ററിക്കുള്ളതുപോലെ). ഡിഗ്രി, പി.ജി കോഴ്സുകൾക്ക് പരമാവധി 3000 രൂപ അഡ്മിഷൻ ആന്റ് ട്യൂഷൻ ഫീ ഇനത്തിലും നിത്യചെലവിന് പ്രതിമാസം ഹോസ്റ്റൽ വിദ്യാർഥിക്ക് 355 രൂപയും അല്ലാത്തവർക്ക് 185 രൂപയും ലഭിക്കും. മെരിറ്റ് കം മീൻസ് സ്കോളർഷിപ്പിന് കോഴ്സ് ഫീ ആയി 20000 രൂപയും നിത്യചെലവിന് പ്രതിമാസം ഹോസ്റ്റൽ വിദ്യാർഥിക്ക് 1000 രൂപയും അല്ലാത്തവർക്ക് 500 രൂപയും ലഭിക്കും. പ്രീമെട്രിക് സ്കോളർഷിപ്പിന് ഒരു ലക്ഷം രൂപയും പോസ്റ്റ് മെട്രിക് സ്കോളർഷിപ്പിന് രണ്ടു ലക്ഷം രൂപയും മെരിറ്റ് കം മീൻസിന് 2.5 ലക്ഷം രൂപയുമാണ് വരുമാന പരിധി നിശ്ചയിച്ചിരിക്കുന്നത്.

പദ്ധതി പ്രഖ്യാപിക്കപ്പെട്ട 2008-09 വർഷത്തിൽ വൻ പ്രതീക്ഷയോടെയാണ് രക്ഷിതാക്കളും വിദ്യാർഥികളും പദ്ധതിയെ സമീപിച്ചത്. കേന്ദ്ര പദ്ധതിയായതിനാൽ സ്കോളർഷിപ്പിനുള്ള അപേക്ഷ സമർപ്പിക്കുന്നതിന് ഒരേ രീതിയാണ് നിർദേശിക്കപ്പെട്ടത്. രക്ഷിതാവിന്റെ വരുമാനം, കുട്ടിയുടെ ജാതി എന്നിവ തെളിയിക്കുന്നതിന് 10 രൂപയുടെ മുദ്രപത്രത്തിൽ സ്വയം സാക്ഷ്യപ്പെടുത്തിയ സാക്ഷ്യപത്രം സമർപ്പിക്കാനാണ് നിർദേശിക്കപ്പെട്ടത്. കേരളത്തിലെപ്പോലുള്ള വില്ലേജ് ഓഫീസ് സംവിധാനം മറ്റു സംസ്ഥാനങ്ങളിൽ നിലവിലില്ലാത്തതിനാലും വരുമാനം സാക്ഷ്യപ്പെടുത്തേണ്ടത് മറ്റു സംസ്ഥാനങ്ങളിൽ തഹസിൽദാർ ആയതിനാലും കുട്ടികൾക്ക് ഏറെ പ്രയാസകരമാകും എന്നു മനസ്സിലാക്കിയാണ് മുദ്രപത്രത്തിൽ സാക്ഷ്യപ്പെടുത്താൻ ആവശ്യപ്പെട്ടത്.

എന്നാൽ കേരളത്തിൽ ഈ അവസരം മുതലെടുത്ത് മുദ്രപത്ര കച്ചവടക്കാർ 10 രൂപയുടെ മുദ്രപത്രം പൂഴ്ത്തിവെച്ചു. തന്മൂലം ലക്ഷക്കണക്കിന് വിദ്യാർഥികൾ 20, 50 രൂപയുടെ മുദ്രപത്രത്തിലാണ് സാക്ഷ്യപ്പെടുത്തിയത്. മലബാറിലെ അങ്ങാടികളിൽ ദിവസങ്ങളോളം നീണ്ട ക്യൂവിൽ പൊരിവെയിലെത്തു നിന്നാണ് രക്ഷിതാക്കൾ മുദ്രപത്രം വാങ്ങിയത്. കേരളത്തിൽനിന്നു 10 ലക്ഷത്തിലേറെ അപേക്ഷകൾ പ്രീമെട്രിക് സ്കോളർഷിപ്പിന് ലഭിച്ചു. മുദ്രപത്ര വിൽപ്പനയിലൂടെ സർക്കാറിനു ലഭിച്ചത് ആറു കോടിയിലേറെ രൂപയായിരുന്നു (സ്കോളർഷിപ്പായി വിതരണം ചെയ്യുന്നത് 4.5കോടി രൂപമാത്രമാണ്). പോസ്റ്റ് മെട്രിക്, മെരിറ്റ് കം മീൻസ് സ്കോളർഷിപ്പുകൾക്കും പതിനായിരകണക്കിന് വിദ്യാർഥികളാണ് അപേക്ഷിച്ചത്. അതിലൂടെയും കോടികളാണ് സർക്കാർ നേടിയെടുത്തത്.

ഓരോ കുട്ടിക്കും വരുന്ന ചെലവുകൾ കണക്കാക്കി കേന്ദ്രത്തിന് റിപ്പോർട്ട് നൽകുന്നത് സംസ്ഥാന സർക്കാറാണ്. അതിനാൽ ഓരോ സംസ്ഥാനത്തെയും സാഹചര്യങ്ങളുടെ അടിസ്ഥാനത്തിൽ വ്യത്യസ്തമായ തുകകളാണ് പ്രീമെട്രിക് സ്കോളർഷിപ്പിൽ വിതരണം ചെയ്തത്. ഉത്തർപ്രദേശ്, മഹാരാഷ്ട്ര തുടങ്ങിയ സംസ്ഥാനങ്ങളിൽ 4500 രൂപ ഒരു കുട്ടിക്ക് ലഭിച്ചപ്പോൾ കേരള സർക്കാർ ഒരു കുട്ടിയുടെ വിദ്യാഭ്യാസ ചെലവായി കണക്കാക്കിയത് ആയിരം രൂപയാണ്. കേരളത്തിലെ 10 ലക്ഷത്തിലധികം അപേക്ഷകൾ ഉള്ളതിനാൽ അനുവദിക്കപ്പെട്ട 46347 നേക്കാൾ കൂടുതൽ വിദ്യാർഥികൾക്ക് സ

കോളർഷിപ്പ് ലഭിക്കുന്നതിനായിരുന്നു തുക കുറച്ചു കാണിച്ചത്. എന്നാൽ കേന്ദ്രം കേരളത്തിലെ ഒരു സ്കൂൾ വിദ്യാർഥിയുടെ ചെലവ് 1000 രൂപയായി കണക്കാക്കി. കൂടുതൽ സ്കോളർഷിപ്പ് അനുവദിച്ചതുമില്ല.

കേരളത്തിലെ വിദ്യാർഥികളുടെ ഒരു വർഷത്തെ പഠനച്ചെലവ് ആയിരം രൂപ എന്നു കണക്കാക്കിയത് തികച്ചും തെറ്റായ തീരുമാനമാണ്. ഓരോ കുട്ടിയുടെയും അവസ്ഥ പരിഗണിച്ച് ചെലവുകൾ കണക്കാക്കാനാണ് കേന്ദ്രസർക്കാർ ആവശ്യപ്പെട്ടിരുന്നത്. അതിനുപകരം ചെലവുകൾ ചുരുക്കി കാണിച്ച് ഒന്നുമുതൽ പത്തു വരെ ക്ലാസുകളിലെ കുട്ടികൾക്ക് ഒരേ പഠന ചെലവ് തന്നെ കണ്ടെത്തിയ സർക്കാർ ബുദ്ധി അപാരം തന്നെ!

## അപേക്ഷകരുടെ കൈക്രിയകൾ

കഴിഞ്ഞ വർഷം അനുവദിച്ച 46347 പ്രീ-മെട്രിക് സ്കോളർഷിപ്പുകൾ ഇനിയും വിതരണം ചെയ്തിട്ടില്ല എന്നതാണ് മറ്റൊരു വസ്തുത. സ്കോളർഷിപ്പിന് അർഹരായ കുട്ടികളുടെ ലിസ്റ്റ് കേന്ദ്രത്തിലേക്ക് അയച്ചുകൊടുത്ത് ആറു മാസം മുമ്പ് ഫണ്ട് വാങ്ങിയിട്ടുണ്ട്. എന്നാൽ ഫണ്ട് ഇപ്പോഴും തിരുവനന്തപുരം ജഗതി എസ്.ബി.ടി ബ്രാഞ്ചിൽ വിശ്രമിക്കുകയാണ്. കാരണമന്വേഷിക്കുമ്പോഴാണ് സ്കോളർഷിപ്പ് അപേക്ഷകരുടെ കൈക്രിയകൾ പുറത്തുവരിക.

സാമ്പത്തികമായി ഏറ്റവും പിന്നാക്കമുള്ള വിദ്യാർഥികളെയാണ് സ്കോളർഷിപ്പിന് തെരഞ്ഞെടുത്തത്. അവസാനമായി സ്കോളർഷിപ്പിന് തെരഞ്ഞെടുക്കപ്പെട്ട വിദ്യാർഥിയുടെ വാർഷികവരുമാനം 3500 രൂപയായാണ് മുദ്രപത്രത്തിൽ കാണിച്ചിരിക്കുന്നത്. ഇക്കാലത്തും വാർഷിക വരുമാനം 100ഉം 200 ഉം 500 ഉം ഒക്കെയായാണ് ഗൾഫ്കാരും സർക്കാർ ജോലിക്കാരുമടക്കം എഴുതിവെച്ചിരിക്കുന്നത്. സ്കോളർഷിപ്പ് പ്രഖ്യാപിക്കപ്പെട്ടപ്പോൾ ഗൾഫുകാരന്റെ മകന് സ്കോളർഷിപ്പ്, കൂലിപ്പണിക്കാരന്റെ മകന് സ്കോളർഷിപ്പില്ല! ഇത്തരത്തിൽ നിരവധി പരാതികൾ ഉയർന്നു. വിവരാവകാശ നിയമ പ്രകാരം നൂറുകണക്കിന് പരാതികൾ ലഭിച്ചപ്പോൾ പൊതു വിദ്യാഭ്യാസ വകുപ്പ് സ്കോളർഷിപ്പിനർഹരായ വിദ്യാർഥികളോട് വില്ലേജ് ഓഫീസറിൽ നിന്നും വരുമാന സർട്ടിഫിക്കറ്റ് ഹാജരാക്കാൻ അവശ്യപ്പെട്ടിരിക്കുന്നു. വില്ലേജ് ഓഫീസർ സാക്ഷ്യപ്പെടുത്തുന്ന വരുമാനവും സ്കോളർഷിപ്പിന് അപേക്ഷയോടൊപ്പം മുദ്രപത്രത്തിൽ കാണിച്ച വരുമാനവും തമ്മിൽ വ്യത്യാസമുണ്ടെങ്കിൽ കുട്ടിക്ക് സ്കോളർഷിപ്പ് നൽകേണ്ടതില്ലെന്നാണ് സർക്കാർ തീരുമാനം. സ്കോളർഷിപ്പ് ലഭിച്ച 90% വിദ്യാർഥികളും ഇതുവരെ വില്ലേജ് ഓഫീസിൽ നിന്നുള്ള വരുമാന സർട്ടിഫിക്കറ്റ് സമർപ്പിച്ചിട്ടില്ല. മുദ്രപത്രത്തിൽ സാക്ഷ്യപ്പെടുത്തുന്ന കാര്യം തെറ്റാണെങ്കിൽ ക്രിമിനൽ കുറ്റമാണെന്നും 410-ാം വകുപ്പ് പ്രകാരം ശിക്ഷ ലഭിക്കുന്നതാണെന്നുമുള്ള സത്യം മറന്നുകൊണ്ടാണ് നിരവധി രക്ഷിതാക്കൾ തെറ്റായ വിവരങ്ങൾ നൽകിയത്. ഇതെല്ലാം ന്യൂനപക്ഷ വിദ്യാഭ്യാസ ക്ഷേമപദ്ധതികൾ തുടക്കം മുതൽ തന്നെ അട്ടിമറിക്കാൻ ശ്രമിക്കുന്ന സവർണ അധികാര ഉദ്യോഗസ്ഥ ലോബിക്ക് കാര്യങ്ങൾ എളുപ്പമാക്കി.

ഹയർസെക്കന്ററി മുതൽ പി.എച്ച്.ഡി വരെയുള്ള വിദ്യാർഥികൾക്കുള്ള പോസ്റ്റ് മെട്രിക് സ്കോളർഷിപ്പിന്റെ 85 ശതമാനം ഫണ്ടും കഴിഞ്ഞവർഷം കേരളം നഷ്ടപ്പെടുത്തി. കേരളത്തിനു 12845 സ്കോളർഷിപ്പായിരുന്നു അനുവദിച്ചത്. സെക്രട്ടറിയേറ്റിലെ സവർണ ഉദ്യോഗസ്ഥ ലോബി കൃത്യമായ വിവരങ്ങൾ കൈമാറാതെ സ്കോളർഷിപ്പ് അട്ടിമറിക്കുകയായിരുന്നു. 2008-09 വർഷത്തിൽ പ്രഫഷണൽ കോഴ്സ് വിദ്യാർഥികൾക്കുള്ള മെരിറ്റ് കം മീൻസ് സ്കോളർഷിപ്പിന് കേന്ദ്ര സർക്കാർ 110 കോടി രൂപ രാജ്യത്തൊട്ടാകെ നീക്കി വെച്ചിരുന്നെങ്കിലും 59 കോടി മാത്രമേ വിതരണം ചെയ്തുള്ളു. വിവിധ സംസ്ഥാന സർക്കാറുകളുടെ അലംഭാവവും സ്കോളർഷിപ്പിനോടുള്ള സമീപനവും കാരണം വേണ്ടത്ര അപേക്ഷകർ ഇല്ലാത്തതായിരുന്നു കാരണം. അതിനാൽ തന്നെ ഈ വർഷം മെരിറ്റ് കം മീൻസിന് വകയിരുത്തിയ തുക കഴിഞ്ഞ വർഷത്തേക്കാൾ കുറവാണ്. എന്നാൽ കഴിഞ്ഞ വർഷം കൂടുതൽ അപേക്ഷ ലഭിച്ചിരുന്നതിനാൽ പ്രീ മെട്രിക് സ്കോളർഷിപ്പ് 7 ലക്ഷത്തിൽനിന്നും 22 ലക്ഷമായി ഉയർത്തിയിരിക്കുകയാണ്.

2008-09 വർഷത്തിൽ കേരളത്തിന് മൂന്ന് സ്കോളർഷിപ്പിനും പണം അനുവദിച്ചിട്ടുണ്ടെങ്കിലും മെരിറ്റ് കം മീൻസ് സ്കോളർഷിപ്പ് മാത്രമാണ് ഇതുവരെ വിതരണം ചെയ്തിരിക്കുന്നത്. പോസ്റ്റ് മെട്രിക് സ്കോളർഷിപ്പുകളുടെ ഫണ്ട് വിതരണം ചെയ്യാതെ മാസങ്ങളായി ബാങ്കിൽ നിക്ഷേപിച്ചിരിക്കുകയാണ്. അതിലൂടെ തന്നെ സർക്കാറിന് ലക്ഷങ്ങൾ പലിശയിനത്തിൽ ലഭിച്ചു കഴിഞ്ഞു. പ്രീമെട്രിക് സ്കോളർഷിപ്പിന് 75 ശതമാനം കേന്ദ്രവും 25 ശതമാനം സംസ്ഥാന സർക്കാരുമാണ് ഫണ്ട് നൽകേണ്ടത്. കേന്ദ്രം നൽകിയ മൂന്നര കോടിയോളം രൂപ മാസങ്ങളോളമായി ബാങ്കിലാണ്. ആ ഫണ്ടിന്റെ പലിശയിലൂടെ തന്നെ സംസ്ഥാന സർക്കാറിന്റെ വിഹിതം നൽകാനാവുമെന്നതാണ് ഇപ്പോഴത്തെ അവസ്ഥ.

കഴിഞ്ഞ വർഷത്തെ സാഹചര്യങ്ങൾ വിലയിരുത്തി സ്കോളർഷിപ്പ് പദ്ധതികൾ വിപുലീകരിക്കാനും വിദ്യാർഥികൾക്കുള്ള പ്രയാസങ്ങൾ ദൂരീകരിക്കാനും കേന്ദ്ര സർക്കാർ ആവശ്യമായ മാറ്റങ്ങൾ വരുത്തി. സ്കോളർഷിപ്പുകളുടെ എണ്ണം ആവശ്യമായ തോതിൽ വർധിപ്പിച്ചു. പ്രീമെട്രിക് സ്കോളർഷിപ്പ് ഇരുപത്തി രണ്ട് ലക്ഷമായും (കേരളത്തിന് 161590) പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ് 700000മായും (കേരളത്തിന് 51415) മെരിറ്റ് കം മീൻസ് സ്കോളർഷിപ്പ് 20000 ആയും (കേരളത്തിന് 1469) വർധിപ്പിച്ചു. സ്കോളർഷിപ്പിനുള്ള അപേക്ഷ സമർപ്പിക്കുന്നതിലെ പ്രായോഗിക ബുദ്ധിമുട്ടുകൾ ഒഴിവാക്കുന്നതിനും ആവശ്യമായ മാറ്റങ്ങൾ വരുത്തി. വരുമാനം, ജാതി എന്നിവ തെളിയിക്കുന്നതിന് കഴിഞ്ഞ വർഷം രാജ്യത്തുടനീളം മുദ്രപത്രത്തിൽ സ്വയം സാക്ഷ്യപ്പെടുത്താനായിരുന്നു ആവശ്യപ്പെട്ടിരുന്നത്. ഓരോ സംസ്ഥാനത്തെയും സാഹചര്യവും പ്രാദേശിക ഭരണ സംവിധാനവും വ്യത്യസ്തമായതിനാൽ സംസ്ഥാനങ്ങൾ അപേക്ഷ സമർപ്പിക്കുന്നതിലെ നടപടി ക്രമങ്ങൾ സാഹചര്യമനുസരിച്ച് ലഘൂകരിക്കണമെന്ന് ആവശ്യപ്പെട്ടിരുന്നു. ഈ ആവശ്യം പരിഗണിച്ച് 2008 നവംബർ 17ന് ദേശീയ ന്യൂനപക്ഷ മന്ത്രാലയം സംസ്ഥാനങ്ങൾക്കയച്ച സർക്കുലറിൽ വിദ്യാർഥികളുടെ വരുമാനം തെളിയിക്കുന്നതിന് ഓരോ സംസ്ഥാനത്തിനും അനുയോജ്യമായ സർക്കാർ സംവിധാനം ഉപയോഗപ്പെടുത്താമെന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ കേരളത്തിൽ ഈ വർഷം സ്കോളർഷിപ്പിന് അപേക്ഷ ക്ഷണിച്ചപ്പോൾ വീണ്ടും മുദ്രപത്രം തന്നെയാണ് വരുമാനം തെളിയിക്കുന്നതിനുള്ള രേഖയായി നിശ്ചയിച്ചത്. മുദ്രപത്രത്തിൽ വരുമാനം സ്വന്തമായി സാക്ഷ്യപ്പെടുത്തുമ്പോഴുള്ള പ്രായോഗിക പ്രശ്നങ്ങൾ പ്രീ മെട്രിക് സ്കോളർഷിപ്പ് വിഷയത്തിൽ സർക്കാർ കഴിഞ്ഞ വർഷം തന്നെ അനുഭവിച്ചതാണ്. എന്നാൽ ഈ യാഥാർഥ്യവും അനുഭവവും വിസ്മരിച്ചും ന്യൂനപക്ഷ മന്ത്രാലയത്തിന്റെ നിർദേശങ്ങളെ മു

**വിദ്യാഭ്യാസ വകുപ്പിന്റേതല്ലാത്ത സ്ഥലമായതിനാലാണ് പാണക്കാട്ടെ സർക്കാർ ഭൂമി കാമ്പസിന നുവദിക്കാത്തതെന്ന് പറയുന്ന സർക്കാർ തന്നെയാണ് തിരുവനന്തപുരം ആര്യനാടുള്ള അനിമൽ ഹസ്ബന്ററി വകുപ്പിനു കീഴിലുളള 200 ഏക്കർ സ്ഥലം മറ്റൊരു കേന്ദ്ര സ്ഥാപനമായ 'ഐസറി'നു നൽകിയത്. കാസർകോഡ് സ്ഥാപിതമായ കേന്ദ്ര സർവകലാശാലക്കും സർക്കാർ ഭൂമി തന്നെയാണ് അനുവദിച്ചത്. ന്യൂനപക്ഷങ്ങളുടെ തൊഴിൽ പരിശീലനത്തിന് നൂറുശതമാനം കേന്ദ്ര ചെലവിൽ കേരളത്തിനനുവദിച്ച പത്ത് ഐ.ടി.ഐ.കൾക്ക് 2 വർഷമായിട്ടും സ്ഥലമനുവദി ക്കാൻപോലും സർക്കാർ തയാറായിട്ടില്ല.**

ഖവിലക്കെടുക്കാതെയുമാണ് ഈ വർഷ വും ന്യൂനപക്ഷ സ്കോളർഷിപ്പ് വിഷയ ത്തിൽ മുദ്രപത്രം വേണമെന്നതടക്കമുള്ള നടപടികൾ കേരള സർക്കാർ സ്വീകരിച്ച ത്.

കഴിഞ്ഞ വർഷം കോളേജിയേറ്റ് എജ്യുക്കേഷൻ ഡിപ്പാർട്ട്മെന്റിനായിരു ന്നു മൂന്ന് സ്കോളർഷിപ്പുകളുടെയും ചു മതല. ഈ വർഷം പ്രീമെട്രിക് സ്കോ ളർഷിപ്പ് പൊതുവിദ്യാഭ്യാസ വകുപ്പിന് കീഴിലും പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ് കോളേജിയേറ്റ് എജ്യുക്കേഷൻ ഡിപ്പാർ ട്ട്മെന്റിന് കീഴിലും മെരിറ്റ് കം മീൻസ് സ്കോളർഷിപ്പ് സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന് കീഴിലുമായി പുനർനിർണയി ച്ചു. അതിനാൽ ഓരോ വകുപ്പിന്റെയും സ്കോളർഷിപ്പിനോടുള്ള സമീപനവും താൽപര്യവും നടപടിക്രമങ്ങളിലും കാ ണാൻ സാധിക്കും. പ്രീ മെട്രിക് സ്കോ ളർഷിപ്പിന് വരുമാനം തെളിയിക്കുന്നതിന് മുദ്രപത്രം നിർബന്ധമല്ലെന്ന പത്രവാർ ത്ത പുറത്ത് വന്നപ്പോൾ ഉണ്ടായ പ്രതി ഷേധങ്ങളുടെ സാഹചര്യത്തിൽ വരുമാ നം തെളിയിക്കുന്നതിന് മുദ്രപത്രമോ വി ല്ലേജ് ഓഫീസർ സാക്ഷ്യപ്പെടുത്തിയ സർട്ടിഫിക്കറ്റോ മതിയെന്ന് പൊതു വി ദ്യാഭ്യാസ വകുപ്പ് തീരുമാനിച്ചു. എ ന്നാൽ വിദ്യാർഥികൾക്ക് പരമാവധി പ്ര യാസം സൃഷ്ടിക്കുന്ന രീതിയാണ് പോ സ്റ്റ് മെട്രിക് സ്കോളർഷിപ്പിന്റെ കാര്യ ത്തിൽ അനുവർത്തിച്ചത്. വരുമാനമോ ജാതിയോ തെളിയിക്കുന്നതിന് മുദ്രപത്രം വേണ്ടതില്ലെന്ന കേന്ദ്ര നിർദേശം അവ ഗണിച്ച് വരുമാനം, ജാതി, നേറ്റിവിറ്റി എ ന്നിവ തെളിയിക്കുന്നതിന് മുദ്രപത്രം വേ ണമെന്നാണ് (കഴിഞ്ഞ വർഷം വരുമാനം ജാതി എന്നിവക്ക് മാത്രമേ കേന്ദ്ര നിർദേ ശമുണ്ടായിട്ടും മുദ്രപത്രം വേണ്ടിയിരുന്ന ത്) കോളേജിയേറ്റ് എജ്യുക്കേഷൻ വകു പ്പ് തീരുമാനിച്ചത്. അതുകൊണ്ട് സ്കോ ളർഷിപ്പിന് അപേക്ഷിക്കാൻ പത്ത് രൂപ യുടെ മുദ്രപത്രം ലഭിച്ചവർക്ക് തന്നെ ചു രുങ്ങിയത് 70 രൂപയും, 50 രൂപയുടെ മുദ്ര പത്രം വാങ്ങിയവർക്ക് 200 രൂപയിലധി കവും ചെലവ് വരും. അവസരങ്ങൾ മുത ലെടുത്ത് ന്യൂനപക്ഷങ്ങളെ പരമാവധി ചൂഷണം ചെയ്യുന്ന അഭിനവ'ഷൈലോ കു'മാരായി സവർണ ഉദ്യോഗസ്ഥ കൂട്ടാ യ്മ മാറിക്കൊണ്ടിരിക്കുകയാണ്.

### കേന്ദ്രസർക്കാർ ചെയ്യേണ്ടത്

1. ന്യൂനപക്ഷ വിദ്യാഭ്യാസ ക്ഷേമ പദ്ധതികളുടെ നിലവാരം ഉറപ്പുവരുത്തു ന്നതിന് സംസ്ഥാന-ജില്ലാതലങ്ങളിൽ പ ദ്ധതിയുടെ ഭാഗമായി നിർദേശിച്ച മോണി റ്ററിംഗ് കമ്മറ്റികൾ നിലവിൽ വന്നു എന്ന് ഉറപ്പുവരുത്തുക.

2. സ്കോളർഷിപ്പിനുള്ള അപേക്ഷ കളുടെ നടപടിക്രമങ്ങൾക്ക് ഓരോ സം സ്ഥാനത്തിന്റെയും സാഹചര്യമനുസരിച്ച് സ്വതന്ത്രമായ സംവിധാനങ്ങൾ സ്വീകരി ക്കുന്നതിന് അനുമതി നൽകുക. സർ ക്കാറുകൾ സ്വീകരിച്ച നടപടികൾ വിദ്യാ ർഥികൾക്ക് പ്രയാസരഹിതമാണെന്ന് ഉ റപ്പ് വരുത്തുക.

3. എല്ലാ സംസ്ഥാനങ്ങളിലും കേ ന്ദ്രം നിശ്ചയിച്ച രീതിയിൽ തന്നെ പദ്ധതി നടക്കുന്നു എന്നു ഉറപ്പ് വരുത്തുക. സ് കോളർഷിപ്പ് പദ്ധതിയോട് നിഷേധാത്മ ക നിലപാട് സ്വീകരിച്ച സംസ്ഥാനങ്ങളി ലെയും സ്കോളർഷിപ്പ് നിരാകരിച്ച സം സ്ഥാനങ്ങളിലെയും പദ്ധതിയുടെ നട ത്തിപ്പ് ചുമതല പ്രവർത്തനപരിചയവും വിശ്വാസ്യതയുമുള്ള ന്യൂനപക്ഷ എൻ.ജി. ഒകളെ ഏൽപ്പിക്കുക. അതിനാവശ്യമായ നിയമനിർമാണം നടത്തുക.

### സംസ്ഥാന സർക്കാർ ചെയ്യേണ്ടത്

1. സംസ്ഥാനത്ത് പദ്ധതിയെ സോ ഷ്യൽ ഓഡിറ്റിന് വിധേയമാക്കണം. പദ്ധ തിയുടെ ഭാഗമായി നിർദേശിക്കപ്പെട്ട മോ ണിറ്ററിംഗ് കമ്മിറ്റികൾ ഉടനെ രൂപീകരി ക്കണം.

2. ലക്ഷകണക്കിന് അപേക്ഷകളു ള്ളതിനാൽ സ്കോളർഷിപ്പിനപേക്ഷിക്കു ന്നതിനുള്ള നടപടിക്രമങ്ങൾ ലഘൂകരി ക്കുക. രക്ഷിതാവിന്റെ വരുമാനം തെളി യിക്കുന്നതിന് മുദ്രപത്രവും വില്ലേജ് ഓ ഫീസിൽ നിന്നുള്ള വരുമാനസർട്ടിഫിക്ക റ്റും പ്രായോഗികമല്ല. അതിനാൽ വിദ്യാ ർഥികൾക്ക് സഹായകരമായ രീതിയിൽ നടപടികൾ പുനഃക്രമീകരിക്കണം. നില വിൽ സംസ്ഥാന സർക്കാറുകളുടെ എസ്. സി/എസ്.ടി, മുസ്‌ലിം-നാടാർ പെൺകു ട്ടികൾക്കുള്ള സ്കോളർഷിപ്പ് എന്നിവക്കു ള്ള നടപടിക്രമങ്ങൾ ലളിതമാണ്. അതി നാൽ താഴെ പറയുന്ന ഏതെങ്കിലും രീതി അപേക്ഷയോടൊപ്പം വരുമാനം തെളിയി ക്കുന്നതിന് സ്വീകരിക്കാവുന്നതാണ്.

എ. നിലവിലെ സംസ്ഥാനസർ ക്കാർ സ്കോളർഷിപ്പുകൾക്ക് അവലംബി ക്കുന്നതുപോലെ സ്ഥാപന മേധാവികൾ ക്ക്(ഹെഡ്മാസ്റ്റർ/ പ്രിൻസിപ്പൽ) റേഷൻ കാർഡിലെ വരുമാനത്തിന്റെ അടിസ്ഥാ നത്തിൽ അല്ലെങ്കിൽ കുട്ടിയുടെ അഡ്മി ഷൻ സമയത്ത് സ്ഥാപനത്തിൽ രേഖപ്പെ ടുത്തിയ രക്ഷിതാവിന്റെ വരുമാനത്തിന്റെ അടിസ്ഥാനത്തിൽ വരുമാനം തെളിയി ക്കുന്നതിനുള്ള അവകാശം നൽകണം.

ബി. അപേക്ഷിക്കുന്ന ഭൂരിഭാഗം പേർക്കും സ്കോളർഷിപ്പ് ലഭിക്കില്ല. അ തിനാൽ അപേക്ഷയൊടൊപ്പം വരുമാനം അടയാളപ്പെടുത്തുന്നതിനുള്ള കോളമോ പ്രത്യേക ഫോമോ നൽകുക. അല്ലെ ങ്കിൽ വെള്ളക്കടലാസിൽ വരുമാനം സ്വ യം സാക്ഷ്യപ്പെടുത്തി അപേക്ഷയോടൊ പ്പം വെക്കുക. പിന്നീട് സ്കോളർഷിപ്പിനു തെരഞ്ഞെടുക്കപ്പെടുന്ന വിദ്യാർഥികളോ ട് വില്ലേജിൽനിന്നുള്ള വരുമാന സർട്ടി ഫിക്കറ്റ് ഹാജരാക്കാൻ ആവശ്യപ്പെടുക.

3. നിലവിൽ പ്രൈമറിതലം മുതൽ എല്ലാ കോഴ്സുകൾക്കും ചേരുന്നതിന് വിദ്യാർഥി ജാതി-സ്ഥിരതാമസ- വരുമാ ന സർട്ടിഫിക്കറ്റുകൾ ഹാജരാക്കുന്നുണ്ട്. അതിനാൽ വിദ്യാർഥികളുടെ ജാതിയും നേറ്റിവിറ്റിയും തെളിയിക്കുന്നതിന് കോ ളേജ് അധികാരികളുടെ സാക്ഷ്യപത്രം മാ ത്രം മാനദണ്ഡമാക്കണം.

4. സ്കോളർഷിപ്പിന് തെരഞ്ഞെടു ക്കുന്നതിന്റെ മാനദണ്ഡം മുൻകൂട്ടി പ്ര

ഖ്യാപിക്കണം.

5. കേരളത്തിലെ സാമൂഹിക സാഹചര്യവും പഠനനിലവാരവും മുൻനിർത്തി സ്കോളർഷിപ്പ് തുക പുനർനിർണയിക്കുന്നതിന് കേന്ദ്ര സർക്കാറിന് അപേക്ഷ സമർപ്പിക്കണം

## സമുദായ സംഘടനകൾ ചെയ്യേണ്ടത്

ന്യൂനപക്ഷ ക്ഷേമ പ്രവർത്തനങ്ങളിൽ ഒറ്റക്കും കൂട്ടായുമുള്ള പ്രവർത്തനങ്ങൾ സമുദായ സംഘടനകൾ സജീവമാക്കേണ്ടതുണ്ട്. പ്രശ്നങ്ങളുണ്ടാവുമ്പോൾ മാത്രം കൂടിച്ചേർന്ന് പ്രമേയം പാസ്സാക്കുന്ന പതിവുരീതികൾക്കപ്പുറത്ത് ന്യൂനപക്ഷ ക്ഷേമ പദ്ധതികൾ വിജയത്തിലെത്തിക്കുന്നതിനുള്ള ഐക്യബോധവും നിശ്ചയദാർഢ്യവും സംഘടനകൾക്ക് അത്യാവശ്യമാണ്. ഓരോ സംഘടനയുടെയും വിഭവങ്ങൾ സമൂഹത്തിനും സമുദായത്തിനും അനുഗുണമാവുന്ന രീതിയിൽ വിനിയോഗിക്കണം. സർക്കാർ പദ്ധതികളെക്കുറിച്ച് ജനങ്ങളെ അറിയിക്കുന്നതിന് അത് അർഹരായവർക്ക് നേടിക്കൊടുക്കുന്നതിനും സംഘടനകൾ ജാഗ്രത പുലർത്തണം. ഓരോ സംഘടനക്കും സ്വാധീനമുള്ളേടത്ത് അവരവർ അത് ഏറ്റെടുക്കുകയോ വ്യത്യസ്ത സംഘടനകളുടെ കൂട്ടായ്മ രൂപപ്പെടുത്തുകയോ വേണം. നിർമാണാത്മകമായ പ്രവർത്തനങ്ങളാണ് ഇത്തരം പദ്ധതികളുടെ വിജയത്തിന് അനിവാര്യം. താഴെ പറയുന്ന കാര്യങ്ങളിൽ കൂടുതൽ ശ്രദ്ധ പതിപ്പിക്കണം.

1. സംസ്ഥാനതലത്തിൽ സംഘടനകളുടെ കൂട്ടായ്മ രൂപപ്പെടുത്തുകയും സർക്കാറിന്റെ ജനക്ഷേമ പദ്ധതികളുടെയും ന്യൂനപക്ഷ പദ്ധതികളുടെയും പ്രവർത്തനങ്ങൾ നിരീക്ഷിച്ച് അർഹരായവർക്ക് അവ ലഭിക്കുന്നുവെന്ന് ഉറപ്പ് വരുത്തുകയും ചെയ്യുക.

2. സർക്കാർ നടപടിക്രമങ്ങളിലെ അപാകതകൾ ചൂണ്ടിക്കാണിക്കുകയും തിരുത്താത്തപക്ഷം ശക്തമായ സമരപരിപാടികൾ സംഘടിപ്പിക്കുകയും ചെയ്യുക.

3. ഓരോ സംഘടനയുടെയും റിസോഴ്സുകൾ (വിദ്യാഭ്യാസ സ്ഥാപനങ്ങൾ, പള്ളികൾ, ലൈബ്രറികൾ, ഓഫീസുകൾ, പ്രസിദ്ധീകരണങ്ങൾ) ഇത്തരം പദ്ധതികളുടെ പ്രചാരണത്തിനും കൃത്യമായ വിവരങ്ങൾ നൽകുന്നതിനും അർഹരായവരെകൊണ്ട് അപേക്ഷിപ്പിക്കുന്നതിനും ഉപയോഗപ്പെടുത്തുക.

4. സാമൂഹികമായി പിന്നാക്കം നിൽക്കുന്ന പ്രദേശങ്ങളെ പ്രത്യേകം കണ്ടെത്തി അവരുടെ പുരോഗതിക്ക് ഇത്തരം സംരംഭങ്ങളെ ഉപയോഗപ്പെടുത്തുക.

5. ഓരോ സംഘടനയുടെയും കൈയിലുള്ള റിസോഴ്സുകൾ പരസ്പരം കൈമാറി പദ്ധതികളുടെ പുരോഗതിക്ക് ശ്രമിക്കുക.

രാഷ്ട്രീയ സംഘടനകൾക്കും ജനപ്രതിനിധികൾക്കും ഇത്തരം പദ്ധതികൾ വിജയിപ്പിച്ചെടുക്കുന്നതിലുള്ള പങ്ക് പ്രത്യേകം പറയേണ്ടതില്ല. വിദ്യാഭ്യാസ മേഖലയിലെയും ന്യൂനപക്ഷ വിദ്യാഭ്യാസ ക്ഷേമ പദ്ധതികളിലെയും പ്രശ്നങ്ങൾ അക്കമിട്ടു നിരത്തി നിരവധി തവണ അധികാരികളെയും ഭരണപക്ഷത്തെയും പ്രതിപക്ഷത്തെയും ബോധ്യപ്പെടുത്തിയിട്ടും വിവാദങ്ങളിലും പ്രസ്താവനകളിലും ഒതുങ്ങുന്ന 'ഞഞ്ഞാപിഞ്ഞ' നിലപാടല്ലാതെ മറ്റൊന്നും ലഭിച്ചിട്ടില്ല എന്ന വസ്തുതതയും ഗൗരവത്തിലെടുക്കണം. ■

(എസ്.ഐ.ഒ സംസ്ഥാന സെക്രട്ടറിയാണ് ലേഖകൻ)